**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **10-08-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പച്ചക്കറിയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. 1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം 2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി 3. ജില്ലാ ക്ലസ്റ്റർ വികസനം 4. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം 5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം 6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും 7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം 8. നഴ്സറികൾ സ്ഥാപിക്കൽ 9.ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ 10. മഴമറ നിർമ്മാണം 11. സേഫ്-ടു-ഈറ്റ് 12. സുഭിക്ഷ കേരളം പദ്ധതി 13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി. പച്ചക്കറി നടീൽ വസ്തുക്കൾ ഉൽപാദന പദ്ധതി. |

| | | | |
|---|---|---|---|
| | | | ഹരിതനഗരി പദ്ധതി. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം. |
| (ബി) | ഗ്രാമപ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും കൃഷി വകുപ്പ് വഴിയും നടപ്പിലാക്കുന്നു. കാർഷികോല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നല്കുന്നതിന് കർഷകർക്ക് അവസരം ലഭ്യമാക്കുന്നതിനായി പഴം-പച്ചക്കറി, ചെറു ധാന്യങ്ങൾ, പരമ്പരാഗതവും എളുപ്പം നശിച്ചു പോകുന്നതുമായ കാർഷിക ഉല്പന്നങ്ങൾ, എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്ത് ആകെ 602 പുതിയ ആഴ്ചചന്തകൾ RKVY പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് വിപണിയിലേക്ക് എത്തുന്നത് വരെയുള്ള നഷ്ടം ഒഴിവാക്കാൻ പഞ്ചായത്തുതല ആഴ്ച ചന്തകൾ സഹായിക്കും. ഇതിനായി എല്ലാ പഞ്ചായത്തുകളിലും ആഴ്ചചന്തകൾ സ്ഥാപിക്കുന്നതിനായി, കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കുടുംബശ്രീയുമായി സഹകരിക്കുന്നു. 2021-22 വർഷത്തിൽ പുതുതായി 100 നഗര വഴിയോര കാർഷിക വിപണികൾ കൂടി അധികമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ 100 നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവർത്തി പഥത്തിൽ എത്തുന്നതാണ്. സംഭരിക്കുന്നതും, സംസ്കരിച്ചതുമായ പഴം പച്ചക്കറികൾ കേടുകൂടാതെ ഉപഭോക്താവിന് എത്തിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, ഓൺലൈൻ കാർഷിക ഉത്പന്ന വിപണന സൗകര്യമൊരുക്കാൻ/ പുതു സംരംഭങ്ങൾ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. ഗ്രാമ പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്, VFPCK എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്. കൂടാതെ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഗ്രാമീണമേഖലയിലും നഗര പ്രദേശത്തുമുള്ള ആഴ്ച ചന്തകളിൽ വിപണനം നടത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ഉത്പന്നങ്ങൾ ഇക്കോഷോപ്, വീക്കിലി മാർക്കറ്റ്, BLFO വിപണന കേന്ദ്രങ്ങൾ തുടങ്ങി 1884 വിപണന കേന്ദ്രങ്ങൾ വഴി സംഭരിച്ച വിതരണം നടത്തുന്നുണ്ട്. |
| (സി) | കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ, തൈകൾ ഇവ ശേഖരിക്കുന്നത് അംഗീകൃത ഏജൻസിയിൽ നിന്നാണോ; പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | (സി) | കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ, തൈകൾ എന്നിവ ശേഖരിക്കുന്നത് അംഗീകൃത ഏജൻസികളിൽ നിന്നാണ്. സർക്കാർ അംഗീകൃത ഏജൻസികളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ ഓഫ് കേരള (വി.എഫ്.പി.സി.കെ) എന്നിവയിൽ നിന്നുമാണ് ആവശ്യകതയുടെ ഭൂരിഭാഗവും നിറവേറ്റുന്നത്. പ്രസ്തുത ഏജൻസികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും തൈകൾ സമയബന്ധിതമായി നൽകേണ്ടതുമായ സാഹചര്യങ്ങളിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള നഴ്സറികൾ/ ഏജൻസികളെയാണ് തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ